Talented Bankers Literary Panel
പുസ്തകപരിചയം 235

പരിചയപ്പെടുത്തുന്നത് -
ജയലക്ഷ്മി
ബാങ്ക് ഓഫ് ബറോഡ
പന്തളം ശാഖ.

ഗണികയും ഗാന്ധിയും ഇറ്റാലിയൻ ബ്രാഹ്മണനും
മനു എസ് പിള്ള

നാടകീയതയും സാഹസികതയും നിറഞ്ഞ ചരിത്ര വ്യക്തികളുടെ ജീവിതത്തിലെ വ്യത്യസ്ത സംഭവങ്ങൾ തന്റെ അനന്യ സുന്ദരമായ ഭാഷയിലൂടെ മനു എസ് പിള്ള അവതരിപ്പിക്കുമ്പോൾ വായനക്കാരും ഇന്ത്യാ ചരിത്രത്തിന്റെ ഉള്ളറകളിലേക്ക് ആവാഹിക്കപ്പെടുകയാണ്.

ഇന്ത്യൻ റെയിൽവേയുടെ ഉദയത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനോടൊപ്പം തന്നെ ഇന്ത്യൻ ഫുട്ബോളിന്റെ തുടക്കത്തെ കുറിച്ചും നാം അറിയുന്നു. ഇന്ത്യക്കാരെ വെറുത്തിരുന്ന മെക്കാളെയെകുറിച്ച് കൂടുതൽ അറിയുന്നതിനോടൊപ്പം തന്നെ ജയ്പൂരിലെ ഫോട്ടോഗ്രാഫർ ആയിരുന്ന രാജാവിനെയും നാം പരിചയപ്പെടുന്നു. ഈ സമാഹാരത്തിൽ ഇന്ത്യയുടെ എണ്ണമറ്റ ഇന്നലെകളെ കുറിച്ചും അവയിലെ ചില സ്ത്രീപുരുഷന്മാരെ കുറിച്ചുമുള്ള കഥകളാണ് . ജീവിതം തന്നെ കറുപ്പിലും വെളുപ്പിലും ചിത്രീകരിച്ചു കൊണ്ടിരിക്കുന്ന ഒരുകാലത്ത് ഇന്ത്യൻ ചരിത്രം എന്ന മനോജ്ഞവും നിരവധി അടരുകൾ ഉള്ളതും സങ്കീർണ മോഹനവുമായ മഹാ പ്രപഞ്ചത്തെ മനസ്സിലാക്കാനുള്ള ഒരു ശ്രമം ആണിത് .
ഈ പുസ്തകം മൂന്നു ഭാഗങ്ങളായാണ് എഴുതിയിരിക്കുന്നത്.

ഭാഗം 1 : രാജിനു മുൻപ് ഇതിൽ ബ്രിട്ടീഷ് രാജിനും മുൻപുള്ള ഇന്ത്യയെ കുറിച്ച് ആണ്. ആദ്യത്തേത് മധുരയിലെ ഇറ്റാലിയൻ ബ്രാഹ്മണൻ എന്നതാണ്. ഒരു മത പ്രചാരകനായ റോബർട്ടോ ഡീ നോബിലിയെ കുറിച്ചാണ് ഇതിൽ പ്രതിപാദിക്കുന്നത്. കിഴക്കൻ നാടുകളിലെ ജനങ്ങളെ എങ്ങനെ മതപരിവർത്തനം ചെയ്യാം എന്നതിനെ കുറിച്ച് ഒരു ചർച്ചയ്ക്ക് തന്നെ അദ്ദേഹത്തിന്റെ രീതി തുടക്കം കുറിച്ചു . കുടുമയും പൂണൂലും സാമൂഹിക നിലയുടെ ചിഹ്നങ്ങൾ മാത്രമാണെന്നും മാർഗ്ഗം കൂടിയവർക്ക് തുടർന്നു അവ ധരിക്കാം എന്നും ആയിരുന്നു അദ്ദേഹത്തിൻറെ വാദം .

അദ്ദേഹത്തിൻറെ എതിരാളികൾ ആകട്ടെ മതപരിവർത്തനം എന്നാൽ യൂറോപ്യൻ ചട്ടക്കൂടിലേക്ക് ഉള്ള ഒരു മാറ്റം ആണെന്നും അത് ആത്മാവിൽ മാത്രമല്ല ബാഹ്യമായ പ്രകടനങ്ങളിലും ആവശ്യമാണെന്നും ആയിരുന്നു . ഒടുവിൽ പള്ളി രാഷ്ട്രീയത്തിൽ അവർതന്നെ ജയിക്കുകയാണു ഉണ്ടായത്

തമിഴ്‌നാട്ടിലെ കത്തോലിക്കരക്കിടയിൽ അദ്ദേഹത്തിൻറെ വിജയത്തിന്റെ ശേഷിപ്പുകൾ ഇന്നും കാണാം .

ഈ ആദ്യഭാഗത്ത് 26 ഓളം ലേഖനങ്ങൾ ആണ് ഉള്ളത്. അതിൽ രസകരമായി തോന്നിയ ഒന്നുരണ്ടെണ്ണം മാത്രം പരാമർശിച്ചു പോവുകയാണ് . അതിലൊന്ന് കാമസൂത്രത്തിലെ കഥയാണ്. ഇംഗ്ലീഷ് ഭാഷയിൽ പകർപ്പവകാശം ഇല്ലാതെ ഏറ്റവും കൂടുതൽ അച്ചടിക്കപ്പെട്ട പുസ്തകങ്ങളിൽ ഒന്ന് കാമസൂത്രം ആണെന്നാണ് പണ്ഡിതമതം. യഥാർത്ഥത്തിൽ ഏഴു ഭാഗങ്ങളായി തിരിച്ച ഈ ഗ്രന്ഥത്തിലെ രണ്ടാമത്തെ അധ്യായം മാത്രമേ മനുഷ്യന്റെ വേഴ്ചയുടെ രീതികളെ കുറിച്ച് പ്രത്യേകമായി പ്രതിപാദിക്കുന്നുള്ളൂ. മൂന്നാം ലിംഗക്കാർ , സ്വവർഗ്ഗരതി ഇവയെക്കുറിച്ചുള്ള വാത്സ്യായനന്റെ സമീപനങ്ങളും ഇരുത്തി ചിന്തിപ്പിക്കുന്ന വായനാനുഭവം സമ്മാനിക്കുന്നുണ്ട് . ജീവിതം, വിവാഹം, അടുപ്പം ഇവയെക്കുറിച്ചെല്ലാം ഉള്ള, ചിലപ്പോഴെങ്കിലും വിചിത്രമായ കാഴ്ചപ്പാടുകൾക്ക് എല്ലാം ഉപരി കലയുടെയും സാംസ്കാരിക പാരമ്പര്യത്തിന്റെയും അതിമനോഹരമായ ചിത്രീകരണമായി കാമസൂത്രം ഇന്നും തുടരുന്നു . നിർബന്ധമായും വായിച്ചിരിക്കേണ്ട ഒരു കൃതി എന്നാണ് മനു എസ് പിള്ള യുടെ അഭിപ്രായം .

രണ്ടാം ഭാഗം:
രാജിൽ നിന്നുള്ള കഥകൾ ആണ് .
അതിൽ ബ്രിട്ടീഷ് രാജ് ഉണ്ടായിരുന്നില്ലെങ്കിൽ മഹാത്മ മരിച്ചിരുന്നില്ലെങ്കിൽ ഒക്കെ എന്തായിരുന്നു സംഭവിക്കുക എന്ന ഭാവനകളും ആനി ബസെന്റ്, മെക്കാളെ, വി കെ. കൃഷ്ണമേനോൻ തുടങ്ങിയവരെക്കുറിച്ചുള്ള ലേഖനങ്ങളും ആണ് .

മൂന്നാം ഭാഗം : പിന്നുര, കാലത്തിനൊത്ത ചിന്തകൾ ഭൂതകാലത്തിൽ നിന്ന് നമുക്ക് പലതും ഊറ്റിയെടുക്കാൻ ഉണ്ട് . നാം ആരാണെന്നും വർത്തമാനകാലത്തിന്റെ കൂട്ടുപാതകളെ നേരിടേണ്ടിവരുമ്പോൾ നാം തിരഞ്ഞെടുക്കേണ്ടതെന്താണെന്നും ഒക്കെ അത് നമുക്ക് പറഞ്ഞു തരുന്നുണ്ട് .എങ്കിലും ഒടുവിൽ ഓരോരുത്തരും സ്വന്തം നിഗമനങ്ങളിൽ എത്തിച്ചേരേണ്ടതുണ്ട്. വെളിച്ചം കാട്ടുവാൻ മാത്രമേ ഈ പുസ്തകം ഉദ്ദേശിക്കുന്നുള്ളൂ ,ഒപ്പം ആ പഴയ പ്രമാണത്തെ ഒന്നുകൂടി ഉറപ്പിക്കുവാനും: സാഹചര്യമാണ് സർവ്വ കാരണം.

പ്രസാധകർ - ഡി സി ബുക്സ്
വില - Rs.399/-